**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T *164** | **14.08.2017-ൽ മറുപടിക്ക്** |
| --- | --- |

## ഓപ്പറേഷൻ ഗുരുകുലം പദ്ധതി

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ. കെ. രാജൻ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ഓപ്പറേഷൻ ഗുരുകുലം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പൂർണ്ണമായും തടയുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ ഗുരുകുലം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം അവരെ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുകയും അതുവഴി കുടുംബങ്ങളിലും പൊതുസമൂഹത്തിലും സ്കൂൾ അന്തരീക്ഷത്തിലും അസ്വസ്ഥത ഉളവാക്കുകയും പഠനത്തിൽ നിന്ന് പിറകോട്ട് പോകുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. വിദ്യാർത്ഥികളിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കി അവരെ നേരായ ജീവിതത്തിലേക്ക് നയിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. മറ്റ് പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• സ്കൂൾ, കോളേജ്, പാരലൽ കോളേജ് എന്നിവിടങ്ങളിൽ ആബ്സന്റാകുന്ന വിദ്യാർത്ഥികളുടെ വിവരം മാതാപിതാക്കളെ അറിയിക്കുക.<br>• കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക.<br>• സ്കൂളുകളിൽ പുകയില, മദ്യം, മയക്കമരുന്ന് തുടങ്ങിയ പദാർത്ഥങ്ങൾ മൂലമുള്ള ദൂഷ്യവശങ്ങളെപ്പറ്റി വീഡിയോ ക്ലിപ്പിംഗ് ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണം നടത്തുക.<br>• വാർത്താ മാധ്യമങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുക.<br>• വിദ്യാർത്ഥികൾ സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക – തുടങ്ങിയവയാണ്. |
| (സി) | ലഹരിയ്ക്കടിമപ്പെടാത്ത കുട്ടികൾക്കും ബോധവൽക്കരണം നൽകുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (സി) | പദ്ധതിയുണ്ട്. ഈ പദ്ധതി ഒരു കമ്മിറ്റിയുടെ കീഴിൽ കൊണ്ടുവന്ന് ഊർജ്ജിതമായി നടപ്പാക്കാനും എല്ലാ ജില്ലകളിലും നടപ്പിലാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒ.ആർ.സി. (Our Responsibility to Children) എന്ന പേരിൽ ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കി, ഇതിന്റെ ഭാഗമായി ഓരോ സ്റ്റേഷൻ പരിധിയിലും സാമൂഹിക പ്രതിബദ്ധതയുള്ള ഒരുകൂട്ടം ആൾക്കാരെ പങ്കെടുപ്പിച്ച് 'ലഹരി വിരുദ്ധ കാവലാൾകൂട്ടം' എന്ന പേരിൽ ഒരു ഗ്രൂപ്പ് ഉണ്ടാക്കി അവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ക്ലാസുകളും നൽകി പ്രസ്തുത സ്റ്റേഷൻ പരിധിയിലുള്ള സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവൽക്കരണം നടത്തുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള പ്രാഥമിക കൗൺസിലിംഗ് വിദ്യാലയങ്ങളിൽ നടത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ? | (ഡി) | വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള പ്രാഥമിക കൗൺസിലിംഗുകൾ വിദ്യാലയങ്ങളിൽ സാമൂഹിക ക്ഷേമ വകുപ്പും, ആരോഗ്യവകുപ്പും, വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ